ഭരണഭാഷ-മാതൃഭാഷ

**മൃഗസംരക്ഷണ വകുപ്പ് ഡയറക്ടറുടെ നടപടിക്രമം**

**മൃഗസംരക്ഷണ വകുപ്പ് - ഡയറക്ടറേറ്റ് - വികാസ് ഭവൻ,**

**തിരുവനന്തപുരം**

**(ഹാജർ : ആസിഫ് കെ യൂസഫ്, ഐ എ എസ്)**

മൃഗസംരക്ഷണ വകുപ്പ് ഡയറക്ടറേറ്റ് -വിജിലൻസ്-സ്ത്രീധന പീഢന പരാതിയിന്മേൽ ക്രൈം 422/24 U/S 323, 498(A) IPC പ്രകാരം കേസ് രജിസ്റ്റർ ചെയ്തതും, ബഹു. നെയ്യാറ്റിൻകര ജുഡീഷ്യൽ ഒന്നാം ക്ലാസ് മജിസ്ട്രേറ്റ് കോടതിയിൽ CC 664/2024 നമ്പരായി വിചാരണ നടപടിക്രമങ്ങൾ നടന്നുവരുന്നതുമായ കേസിലെ ഒന്നാം പ്രതിയായ തിരുവനന്തപുരം ജില്ലയിലെ കുടപ്പനക്കുന്ന് ജില്ലാ കന്നുകാലിവളർത്തൽ കേന്ദ്രത്തിലെ സീനിയർ ക്ലാർക്ക്, ശ്രീ. ഷാബു. എ. വി (PEN - 662856) -യെ സർവ്വീസിൽ നിന്നും സസ്പെൻഡ് ചെയ്തു ഉത്തരവ് പുറപ്പെടുവിക്കുന്നു.

| AHD/4457/2024-X6 | തീയതി:07-02-2025 |
|---|---|

പരാമർശം:

(1) ഡെപ്യൂട്ടി പോലീസ് സൂപ്രണ്ട്, നെയ്യാറ്റിൻകരയുടെ 05/06/2024 -ലെ 345/GL/2024/ESD നമ്പർ കത്ത്.

(2) പോലീസ് ഇൻസ്പെക്ടർ, പോലീസ് സ്റ്റേഷൻ, നെയ്യാറ്റിൻകരയുടെ 27/05/2024-ലെ GL.526/NTA PS/2024 നമ്പർ കത്തും, 0422 നമ്പരായുള്ള എഫ്.ഐ.ആറിന്റെ പകർപ്പും.

(3) ഈ ഓഫീസിലെ 19/06/2024-ലെ ഇതേ നമ്പർ കത്ത്

(4) ഡെപ്യൂട്ടി പോലീസ് സൂപ്രണ്ട്, നെയ്യാറ്റിൻകരയുടെ 18/07/2024 -ലെ 472/GL/2024/ESD നമ്പർ കത്ത്.

(5) പോലീസ് ഇൻസ്പെക്ടർ, പോലീസ് സ്റ്റേഷൻ, നെയ്യാറ്റിൻകരയുടെ 17/07/2024-ലെ 341/IP/2024/SHO/NTA നമ്പർ കത്ത് പ്രകാരമുള്ള റിപ്പോർട്ട്.

**ഉത്തരവ്**

മൃഗസംരക്ഷണവകുപ്പിൽ, തിരുവനന്തപുരം ജില്ലയിലെ കുടപ്പനക്കുന്ന് ജില്ലാ കന്നുകാലിവളർത്തൽ കേന്ദ്രത്തിലെ സീനിയർ ക്ലാർക്കായ ശ്രീ. ഷാബു. എ. വി (PEN - 662856) -യ്ക്കെതിരെ ടിയാന്റെ ഭാര്യ നെയ്യാറ്റിൻകര പോലീസ് സ്റ്റേഷനിൽ സമർപ്പിച്ച സ്ത്രീധന പീഢന പരാതിയിന്മേൽ ക്രൈം 422/24 U/S 323, 498(A) IPC പ്രകാരം കേസ് രജിസ്റ്റർ ചെയ്തിട്ടുള്ളതായും, ടിയാൻ കേസിലെ ഒന്നാം പ്രതിയാണെന്നും, IPC 1860- ലെ 323, 498-A എന്നീ വകുപ്പുകൾ ടിയാനെതിരെ ചുമത്തിയിട്ടുള്ളതായും, സൂചന (1)-ലെ കത്ത് പ്രകാരം നെയ്യാറ്റിൻകര ഡെപ്യൂട്ടി പോലീസ് സൂപ്രണ്ട് അറിയിച്ചിരുന്നു. നെയ്യാറ്റിൻകര പോലീസ് ഇൻസ്പെക്ടറുടെ സൂചന (2)-ലെ കത്ത് പ്രകാരം എഫ്.ഐ.ആർ., മൊഴി എന്നിവയുടെ പകർപ്പുകളും ലഭ്യമാക്കിയിരുന്നു. ഈ രേഖകളുടെ അടിസ്ഥാനത്തിൽ, ശ്രീ. ഷാബു. എ. വി യ്ക്കെതിരെ വകുപ്പുതല അച്ചടക്കനടപടികൾ സ്വീകരിക്കുന്നതിനായി പോലീസ് കേസിന്റെ നിലവിലെ സ്ഥിതി സംബന്ധിച്ച വിശദമായ റിപ്പോർട്ട്

ലഭ്യമാക്കുവാൻ ഡെപ്യൂട്ടി പോലീസ് സൂപ്രണ്ട്, നെയ്യാറ്റിൻകരയോട് സൂചന (3) പ്രകാരം ഈ ഓഫീസിൽ നിന്നും ആവശ്യപ്പെടുകയുണ്ടായി.

ശ്രീ. ഷാബുവിന്റെ ഭാര്യയുടെ മൊഴിയുടെ അടിസ്ഥാനത്തിൽ, നെയ്യാറ്റിൻകര പി.എസ്. ക്രൈം 422/24 U/S:323, 498(A) IPC പ്രകാരം കേസ് രജിസ്റ്റർ ചെയ്തു അന്വേഷണം നടത്തി ടി കേസിലെ ഒന്നാം പ്രതിയായ ഷാബുവിനെതിരെ അന്വേഷണ ഉദ്യോഗസ്ഥൻ ചാർജ് ഷീറ്റ് തയ്യാറാക്കി ബഹു.നെയ്യാറ്റിൻകര ജുഡീഷ്യൽ ഒന്നാം ക്ലാസ് മജിസ്ട്രേറ്റ് കോടതി I മുമ്പാകെ സമർപ്പിച്ചിട്ടുള്ളതും, ടി കേസ്, നിലവിൽ ബഹു.കോടതിയിൽ CC 664/2024 നമ്പരായി വിചാരണ നടപടിക്രമങ്ങൾ നടന്നുവരുന്നതുമാണെന്നും സൂചന (4)-ലെ നെയ്യാറ്റിൻകര ഡെപ്യൂട്ടി പോലീസ് സൂപ്രണ്ട് 18-7-24-ലെ കത്ത് പ്രകാരം റിപ്പോർട്ട് ചെയ്യുകയുണ്ടായി. നെയ്യാറ്റിൻകര പോലീസ് സ്റ്റേഷൻ ഹൗസ് ഓഫീസർ സമർപ്പിച്ച സൂചന (5) പ്രകാരമുള്ള റിപ്പോർട്ടും ലഭ്യമാക്കിയിട്ടുണ്ട്.

ഒരു സർക്കാർ ജീവനക്കാരനെതിരെ ക്രിമിനൽ കുറ്റംചുമത്തി അന്വേഷണമോ, കോടതിയിൽ വിചാരണയോ നേരിടുന്ന പക്ഷം, 1960-ലെ കേരളാ സർവ്വീസസ് (തരം തിരിയ്ക്കലും നിയന്ത്രണവും, അപ്പീലും) ചട്ടം 10 (1) (b) പ്രകാരം പ്രസ്തുത ജീവനക്കാരനെ സസ്പെന്റ് ചെയ്യേണ്ടതാണ്.

മേൽ വിവരിച്ച വസ്തുതകളുടെ അടിസ്ഥാനത്തിൽ, തിരുവനന്തപുരം ജില്ലയിലെ കുടപ്പനക്കുന്ന് ജില്ലാ കന്നുകാലിവളർത്തൽ കേന്ദ്രത്തിലെ സീനിയർ ക്ലാർക്ക്, ശ്രീ. ഷാബു. എ. വി (PEN - 662856)-യെ 1960-ലെ കേരളാ സർവ്വീസസ് (തരം തിരിയ്ക്കലും നിയന്ത്രണവും, അപ്പീലും) ചട്ടം 10 (1) (b) പ്രകാരം സർവ്വീസിൽ നിന്നും സസ്പെൻഡ് ചെയ്തു ഇതിനാൽ ഉത്തരവാകുന്നു. സർക്കാർ ജീവനക്കാരുടെ ശിക്ഷണ നടപടികളെ സംബന്ധിച്ച മാന്വലിലെ 16 (24) ഖണ്ഡിക പ്രകാരം, സസ്പെൻഷൻ ഉത്തരവായിട്ടുണ്ട് എന്ന വിവരം ശ്രീ. ഷാബു എ. വി, സീനിയർ ക്ലർക്കിനെ അറിയിക്കുന്ന തീയതി മുതൽ സസ്പെൻഷൻ പ്രാബല്യത്തിൽ വരുന്നതാണ്.

സസ്പെൻഷൻ കാലയളവിൽ ശ്രീ. ഷാബു എ. വി, സീനിയർ ക്ലർക്കിന് കേരള സർവ്വീസ് ചട്ടങ്ങളിലെ ഒന്നാം ഭാഗത്തിലെ ചട്ടം 55 പ്രകാരമുള്ള ഉപജീവനബത്തയ്ക്ക് അർഹതയുണ്ടായിരിയ്ക്കുന്നതാണ്.

ASIF K YUSUF I A S (803324)

**മൃഗസംരക്ഷണ വകുപ്പ് ഡയറക്ടർ**

Signed by
Asif K Yusuf
Date: 07-02-2025 22:03:52

സ്വീകർത്താവ്

(1) ശ്രീ.ഷാബു.എ.വി., സീനിയർ ക്ലാർക്ക്, ജില്ലാ കന്നുകാലിവളർത്തൽ കേന്ദ്രം, കുടപ്പനക്കുന്ന്, തിരുവനന്തപുരം [ഉചിത മാർഗേണ രണ്ടു പകർപ്പുകൾ ഒരു പകർപ്പിൽ താങ്കളുടെ തിയതിയോടുകൂടിയ കയ്യൊപ്പ് രേഖപ്പെടുത്തി തിരികെ നൽകേണ്ടതാണ്].

(2) സൂപ്രണ്ട് , ജില്ലാകന്നുകാലിവളർത്തൽ കേന്ദ്രം , കുടപ്പനക്കുന്ന്, തിരുവനന്തപുരം [ഉത്തരവിന്റെ രണ്ടു പകർപ്പുകൾ ശ്രീ.ഷാബു.എ.വി., സീനിയർ ക്ലാർക്കിന് നൽകി, ഒരു പകർപ്പിൽ ടിയാന്റെ തിയതിയോടുകൂടിയ കയ്യൊപ്പു രേഖപ്പെടുത്തി തിരികെ ലഭ്യമാക്കേണ്ടതും, സേവനപുസ്തകത്തിൽ മതിയായ രേഖപ്പെടുത്തലുകൾ വരുത്തേണ്ടതുമാണ്].

(3) ഐ.റ്റി. ഓഫീസർ [വെബ്സൈറ്റിൽ പ്രസിദ്ധീകരിയ്ക്കുന്നതിനായി ]

(4) കെ സെക്ഷൻ സൂപ്രണ്ട് / കെ3 സീറ്റ് [അറിവിലേയ്ക്കായി]

(5) മൃഗസംരക്ഷണവകുപ്പ് ഡയറക്ടർ / അഡീഷണൽ ഡയറക്ടർ (എ.എച്ച്)/ സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ എന്നിവരുടെ സി.എ.മാർക്ക്

(6) പണിഷ്മെന്റ് രജിസ്റ്റർ / സ്റ്റോക്ക് ഫയൽ എക്സ്6